# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2839.**

12..10..2011-ൽ മറുപടിക്ക്

## മിൽമയുടെ പ്രതിദിന ശരാശരി വിറ്റുവരവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. ദിവാകരൻ.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പാൽവില വർദ്ധിപ്പിക്കുന്നതിന് മുമ്പും പാൽവില വർദ്ധിപ്പിച്ചതിനു ശേഷവുമുള്ള മിൽമയുടെ പ്രതിദിനശരാശരി വിറ്റുവരവ് എത്രയാണ്; | (എ) പാൽവില വർദ്ധിപ്പിച്ചതിനു ശേഷം പ്രതിദിന ശരാശരി വിറ്റുവരവ് 3,72,88,776 രൂപയാണ്.<br><br>പാൽവില വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള പ്രതിദിന ശരാശരി വിറ്റുവരവ് 3,33,68,466 രൂപയാണ്. |
| (ബി) പാൽവില വർദ്ധിപ്പിക്കുന്നതിനു മുമ്പും പാൽവില വർദ്ധിപ്പിച്ചതിനു ശേഷവുമുള്ള മിൽമയുടെ പ്രതിദിന ശരാശരി പ്രദേശിക സംഭരണം എത്ര എന്ന് വ്യക്തമാക്കാമോ; | (ബി) പാൽവില വർദ്ധിപ്പിച്ചതിനു ശേഷം ഒരു മാസത്തെ കാലയളവിൽ പ്രതിദിന ശരാശരി പ്രാദേശിക സംഭരണം 7.32 ലക്ഷം ലിറ്ററാണ്. പാൽവില വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള ഒരു മാസത്തെ കാലയളവിൽ പ്രതിദിന ശരാശരി പ്രാദേശിക സംഭരണം 7.29 ലക്ഷം ലിറ്ററാണ്. |
| (സി) പാൽവില വർദ്ധിപ്പിക്കുന്നതിനു മുമ്പ് ഇൻസെന്റീവ് ഉൾപ്പെടെ പാലിന് നൽകിയിരുന്ന ശരാശരി വിലയും പാൽവില വർദ്ധിപ്പിച്ചതിനു ശേഷം നൽകുന്ന ശരാശരി വിലയും എത്രയെന്ന് വ്യക്തമാക്കാമോ; | (സി) 5..9..2011-ന് മുമ്പ് ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3% മറ്റ് ഖര പദാർത്ഥങ്ങളും) പാലിന് കർഷകർക്ക് ലഭ്യമാകുന്നത് ലിറ്ററിന് 22 രൂപ 68 പൈസയാണ്. ആയത് ലിറ്ററിന് 4 രൂപ 20 പൈസയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ഡി) കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡി എത്രരൂപയാണ് നിർത്തലാക്കിയത്? | (ഡി) മലബാർ മേഖലാ യൂണിയൻ 50 കിലോ ചാക്കൊന്നിന് 100 രൂപ സബ്സിഡി നൽകിയിരുന്നതും തിരുവനന്തപുരം മേഖലാ യൂണിയൻ ചാക്കൊന്നിന് 110 രൂപ സബ്സിഡി നൽകിയിരുന്നതുമാണ് നിർത്തലാക്കിയത്. എന്നാൽ മലബാർ മേഖലാ യൂണിയൻ 1..10..2011 മുതൽ ചാക്കൊന്നിന് 60 രൂപ സബ്സിഡി വീണ്ടും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.